TB Movie Panel Weekly Review

**#MoviePanel**

2018: EVERY ONE IS A HERO

ഗംഭീരമെന്നേ ഒറ്റ വാക്കിൽ ഈ സിനിമയെ വിശേഷിപ്പിക്കാൻ കഴിയൂ, സന്തോഷം, സങ്കടം, രോമാഞ്ചം, കയ്യടി എല്ലാം കൊണ്ടും ഒരൊന്നൊന്നര തിയേറ്റർ എക്സ്പീരിയൻസ് ആണ് ജൂഡ് ആന്റണി ഒരുക്കിയ '2018' നമുക്ക് സമ്മാനിക്കുന്നത്.

2018 ഓഗസ്റ്റ് മാസത്തിൽ കേരളത്തെ മൊത്തം ബാധിച്ച പ്രളയത്തിൽ നിന്ന് കേരള സമൂഹം ധീരതയോടെ കരകേറിയ കഥ, രണ്ടര മണിക്കൂർ കൊണ്ട് അവതരിപ്പിക്കുക എന്ന വെല്ലുവിളി ജൂഡും യുവ എഴുത്തുകാരൻ അഖിൽ പി ധർമജനും ചേർന്ന് വിജയകരമായി തന്നെ പൂർത്തിയാക്കി എന്ന് പറയാം. സിനിമയിൽ ഉടനീളം ഐഡന്റിറ്റിയുള്ള ഒരുപാട് കഥാപാത്രങ്ങൾ ഉണ്ടെങ്കിലും ആദ്യ പകുതിയിൽ തന്നെ അവരെ എല്ലാം പ്രേക്ഷകാരുമായി കണക്ട് ചെയ്യിപ്പിക്കാൻ സംവിധായകന് കഴിഞ്ഞിട്ടുണ്ട്. അതു കൊണ്ട് തന്നെ രണ്ടാം പകുതിയിൽ കാര്യങ്ങൾ കുറച്ചു കൂടി എളുപ്പമായി എന്ന് തന്നെ പറയാം.

തെളിഞ്ഞ കാലാവസ്ഥയിൽ നിന്ന് പ്രകൃതി ചാറ്റമഴയിലേക്ക് മാറുന്നു അത് പതുക്കെ പതുക്കെ പെരുമഴയായി മാറുന്നു പെരുമഴ പ്രളയമായി മാറുന്നു. സിനിമയുടെ ഒഴുക്കും അങ്ങനെയാണ് ഒരുക്കിയിരിക്കുന്നത്.പ്രളയത്തിന്റ VFX കാണാൻ വന്നവർക്ക് മുന്നിലേക്ക് ഒർജിനൽ വെള്ളപ്പൊക്കം തന്നെയാണ് സംവിധായകൻ അവതരിപ്പിക്കുന്നത്, പകരം വെക്കാനില്ലാത്ത തരത്തിൽ മികച്ച ആർട്ട് വർക്ക് ആണ് ഈ സിനിമയിൽ ഒരുക്കിയിരിക്കുന്നത്.

'2018' പോലെ പ്രേക്ഷകരെ ഇമോഷണലികണക്ട് ആക്കേണ്ട സിനിമകളിൽ പശ്ചാത്തല സംഗീതത്തിന് വലിയ പങ്കാണ് ഉള്ളത്. 'ചാർലി 777' എന്ന സിനിമയുടെ സംഗീതം ഒരുക്കിയ നോബിൻ പോൾ ആണ് ഈ സിനിമയുടെ ജീവശ്വാസം...

അഭിനയം കൊണ്ടും കഥാപാത്രത്തിന്റെ പ്രേത്യേകത കൊണ്ടും ടോവിനോ, ലാൽ, ആസിഫ് അലി ,കുഞ്ചാക്കോ ബോബൻ ,നരേൻ എല്ലാം കാഴ്ചക്കാർക്ക് പ്രിയപ്പെട്ടവർ ആയപ്പോൾ അത്ഭുതപ്പെടുത്തിയത് സുധീഷും കുടുംബവും ആണ്. അത് പറഞ്ഞറിയിക്കാൻ കഴിയില്ല കണ്ടു തന്നെ എക്സ്പീരിയൻസ് ചെയ്യണം.

ഇത് നിങ്ങൾക്ക് അറിയാവുന്ന കഥയാണ്, ഇത് നിങ്ങളുടെ കഥയാണ്, ഇതിലെ ഹീറോസും നിങ്ങൾ തന്നെയാണ്, ഓരോ മലയാളിയും

തീയേറ്ററിൽ പോയി കണ്ണു കൊണ്ടും മനസ്സ് കൊണ്ട് അനുഭവിച്ചറിയേണ്ട സിനിമ.♥️♥️